Ref: 3267/K-5/KCBC/OL/DS 18.03.2020

**കോവിഡ്-19: കെസിബിസി സർക്കുലർ - 4**

കൊറോണ വൈറസ് ബാധ ഇപ്പോൾ അതിന്റെ വ്യാപനത്തിന്റെ രണ്ടാം ഘട്ടത്തിലാണെന്ന് മനസ്സിലാക്കുന്നു. മൂന്നാം ഘട്ടത്തിലേയ്ക്കോ നാലാം ഘട്ടത്തിലേയ്ക്കോ കടന്നാൽ അത് വളരെ അപകടകരമായിരിക്കുമെന്നാണ് ഡോക്ടർമാർ നൽകുന്ന മുന്നറിയിപ്പ്. അതിനാൽ വ്യക്തികളായും ഇടവകകളായും സ്ഥാപനങ്ങളായും ഈ വിഷയത്തിൽ കർശനമായ വൈറസ് പ്രതിരോധനടപടികൾ നമ്മൾ തുടരേണ്ടതാണ്. ഇക്കാര്യത്തിൽ കേരളത്തിലെ ജനങ്ങളുടെ ഭാഗത്തുനിന്നുള്ള സഹകരണം ഏറെക്കുറെ തൃപ്തികരമാണ്. എങ്കിലും സർക്കാർ മുന്നോട്ടുവയ്ക്കുന്ന എല്ലാ നിയന്ത്രണങ്ങളോടും പ്രത്യേകിച്ച് 18.03.2020 ന് ബഹു. കേരള മുഖ്യമന്ത്രി വിവിധ മതപ്രതിനിധികളുമായി നടത്തിയ വീഡിയോ കോൺഫറൻസു വഴി നൽകിയ നിർദ്ദേശങ്ങളോടും ജനങ്ങൾ പൂർണ്ണമായ സഹകരണം നൽകേണ്ടതാണ്. ഇപ്പോഴത്തെ സാഹചര്യത്തിൽ ഡോക്ടർമാരുടെയും സർക്കാരിന്റെയും നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന കരുതൽ നടപടികൾ സ്വീകരിക്കുവാൻ സ്നേഹപൂർവ്വം അഭ്യർത്ഥിക്കുന്നു.

1. ദൈവാലയങ്ങളിലെ വി. കുർബാനയ്ക്കും മറ്റ് തിരുക്കർമ്മങ്ങൾക്കും വലിയ ആൾക്കൂട്ടങ്ങൾ ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കണം. അൻപതിൽ താഴെയുള്ള ആരാധനാ സമൂഹങ്ങൾക്കായി വൈദികർ വി. കുർബാന അർപ്പിക്കുന്നതിനുള്ള സാഹചര്യം ഏർപ്പെടുത്തുന്നത് ഉചിതമായിരിക്കും. ഇത്തരം ചെറിയ കൂട്ടങ്ങളിലായാലും ജലദോഷമോ, തുമ്മലോ, ചുമയോ, പനിയോ ഉള്ളവർ ഒരിക്കലും കടന്നുവരാൻ ഇടയാകരുത്. വളരെ പ്രത്യേകമായ സാഹചര്യങ്ങളിൽ ചില ദൈവാലയങ്ങളിലെ വി. കുർബാനയർപ്പണം നിർത്തുന്നതാണ് നല്ലതെന്ന് ബോധ്യപ്പെട്ടാൽ ബന്ധപ്പെട്ട രൂപതാദ്ധ്യക്ഷൻ ഇക്കാര്യത്തിൽ തീരുമാനമെടുക്കേണ്ടതാണ്.

2. വ്യക്തികളായി വന്നു പ്രാർത്ഥിക്കുന്നതിനുള്ള സൗകര്യം നൽകാൻ എല്ലാ ദൈവാലയങ്ങളും പതിവുപോലെ തുറന്നിടേണ്ടതാണ്.

3. ഇപ്പോഴത്തെ പ്രത്യേക സാഹചര്യത്തിൽ കുട്ടികളും പ്രായമായവരും മറ്റ് ആര്യോഗ്യപ്രശ്നങ്ങളുള്ളവരും വീട്ടിലിരുന്ന് ഓൺ ലൈൻ കുർബാനകളിൽ സംബന്ധിച്ചാൽ മതിയാകും.

4. സാധിക്കുന്ന എല്ലാ ദൈവാലയങ്ങളിലും സ്ഥാപനങ്ങളിലും വി. കുർബാന എഴുന്നള്ളിച്ചുവച്ച് ചെറിയ ഗ്രൂപ്പുകളിൽ ആരാധന നടത്തി കൊറോണ വൈറസ് ബാധയിൽനിന്ന് ലോകജനതയെ രക്ഷിക്കാൻ എല്ലാവരും തീഷ്ണമായി പ്രാർത്ഥിക്കേണ്ടതാണ്.

5. 2020 മാർച്ച് 27-ാം തീയതി കേരളത്തിലെ എല്ലാ രൂപതകളിലും പ്രാർത്ഥനാദിനമായി ആചരിക്കേണ്ടതാണ്. അന്നേദിവസം ഉപവാസമനുഷ്ഠിക്കുന്നത് നന്നായിരിക്കും.

6. വിശുദ്ധവാര തിരുക്കർമ്മങ്ങളെക്കുറിച്ച് അന്നത്തെ സാഹചര്യം കണക്കിലെടുത്ത് മാർച്ച് അവസാന ആഴ്ചയിൽ അതാതു വ്യക്തിസഭകളിൽനിന്ന് വേണ്ട നിർദ്ദേശങ്ങൾ നൽകുന്നതായിരിക്കും.

7. കൊറോണ വൈറസിന്റെ വ്യാപനവുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ രൂപതാധ്യക്ഷന് ഉപദേശം നൽകുന്നതിനായി ഡോക്ടർമാരുടെ ഒരു വിദഗ്ധസംഘത്തെ രൂപീകരിക്കുന്നത് ഉചിതമായിരിക്കും.

കർത്താവാണ് നമ്മുടെ സങ്കേതം, അവിടുന്നാണ് നമ്മുടെ ആശ്രയവും നമ്മുടെ കോട്ടയും (സങ്കീ. 91:12) എന്ന് സങ്കീർത്തകനോടൊപ്പം നമുക്കും ഏറ്റുപറയാം. നമ്മുടെമേലും ലോകം മുഴുവന്റെമേലും ദൈവകരുണ ഉണ്ടാകുന്നതിനായി തീക്ഷ്ണമായി നമുക്ക് പ്രാർത്ഥിക്കാം.

**മാർ ജോർജ് കാർഡിനൽ ആലഞ്ചേരി**
പ്രസിഡന്റ്, കെസിബിസി

**ബിഷപ് ഡോ. വർഗീസ് ചക്കാലയ്ക്കൽ**
വൈസ് പ്രസിഡന്റ്, കെസിബിസി

**ബിഷപ് ഡോ.ജോസഫ് മാർ തോമസ്**
സെക്രട്ടറി ജനറൽ, കെസിബിസി

പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം
കൊച്ചി - 682 025